കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.9-771/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി.19.09.2019
ഫോൺ: 0477-2252753
ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.9-771/2019 തീയതി.19.09.2019

# ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2018 മുതൽ 09.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | പി.ബി.നടരാജൻ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 08.07.2019 മുതൽ 18.07.2019 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രശോഭൻ.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ശ്രീകാന്ത്.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.പ്രീത, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1.പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.ആർ.ഹരിക്കുട്ടൻ | 01.04.2018 മുതൽ 31.03.2019 വരെ |

### 2.സെക്രട്ടറി

| | |
|---|---|
| ശ്രീ.പി.സാബു | 01.04.2018മുതൽ 31.05.2018 വരെ |
| | |

| | |
|---|---|
| ശ്രീ.സതീശൻ.കെ.വി, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്) | 01.06.2018മുതൽ 24.06.2018 വരെ |
| ശ്രീമതി.ഗീതാകുമാരി.പി | 25.06.2018 മുതൽ 31.03.2019 വരെ |
| | |

**3.<u>സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. പ്രസീത വിനോദ് | 01.04.2018 മുതൽ 12.12.2018 വരെ |
| | | ശ്രീ.പി.ആർ.ഹരിക്കുട്ടൻ | 13.12.2018 മുതൽ 04.01.2019 വരെ |
| | | ശ്രീമതി.മിനിമോൾ സുരേന്ദ്രൻ | 05.01.2019 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ.ടോമി ഉലഹന്നാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.മഞ്ജു സുധീർ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ.പി.ജി.മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |

**4.<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ആശ.എ.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. അഞ്ജു.എം.എസ് | 01.04.2018 മുതൽ 26.07.2018 വരെ |
| | ഡോ. ലക്ഷ്മി മോഹൻ | 27.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജെയിംസ്. പി. ജോയ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഷൈമ എം എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.പൊന്നമ്മ പോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ജിയോ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള എം | 01.04.2018 മുതൽ 25.05.2018വരെ |
| | ശ്രീമതി. ശോഭന | 01.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എലിസബത്ത്.സി.എക്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം.യു.പി.എസ് | മിനി.എൻ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. ഒറ്റപ്പുന്ന | ശ്രീ.അരുൺ | 01.04.2018 മുതൽ 19.07.2018വരെ |
| | ശ്രീമതി.ശ്രീവിദ്യ.ആർ.പൈ | 20.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. തിരുനല്ലൂർ | ശ്രീമതി. സെയ്ഫുനിസ | 01.04.2018 മുതൽ 19.07.2018വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി. ദീപ. ആർ | 20.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സതീഷ് കുമാർ.കെ.പി | 01.04.2018 മുതൽ 13.07.2018വരെ |
| | ശ്രീ.അനിൽകുമാർ.പി.എൻ | 14.07.2018 മുതൽ 06.02.2019 വരെ |
| | ശ്രീമതി.പ്രവീണ. ജി | 07.02.2019 മുതൽ 01.03.2019 വരെ<br>19.03.2019 മുതൽ 31.03.2019 വരെ |
| | ശ്രീ. അക്ബർഷാ | 02.03.2019 മുതൽ 18.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സതീശൻ.കെ.വി | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ 1-13 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തൊഴിൽ നികുതി-ഈടാക്കിയില്ല |
| 3 | 2-2 | ലൈസൻസ് -അപാകതകൾ |
| 4 | 2-3 | ടെൻഡർ ഫീസ് ഈടാക്കിയത് തനതുഫണ്ടിൽ വരവ് വച്ചില്ല |
| ഭാഗം – 3 | | |
| 5 | 3-1 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ |
| 6 | 3-2 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - കെ.എസ്.ഇ.ബിയിൽ 21 ലക്ഷം വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു |
| 7 | 3-3 | ഘടകസ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല |
| 8 | 3-4 | സാന്ത്വന പരിചരണ പദ്ധതി -മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല |
| 9 | 3-5 | ടി.എസ്.പി.ഫണ്ട് വിനിയോഗം- പ്രോജക്ടുകൾ തെരഞ്ഞെടുത്തത് ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ |
| 10 | 3-6 | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രോജക്ടുകൾ കാര്യക്ഷമമല്ല |
| 11 | 3-7 | മട്ടുപ്പാവിൽ പച്ചക്കറികൃഷി - കരാർ ലംഘനം നടത്തിയ കരാറുകാരന് ഇ.എം.ഡി തിരികെ നൽകി |
| 12 | 3-8 | ഭൗമവിവര പഞ്ചായത്ത് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 13 | 3-9 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ - സ്ഥാപിച്ചിട്ടില്ല |
| 14 | 3-10 | സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 15 | 3-11 | മരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ |
| 16 | 3-12 | എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | |
|---|---|---|
| 17 | 3-13 | വീട് വാസയോഗ്യമാക്കൽ പദ്ധതി -പുതിയതായി നിർമ്മിച്ച വീടിന് ആനുകൂല്യം നൽകി |
| 18 | 3-14 | അങ്കണവാടികളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല |
| ഭാഗം – 4 | | |
| 19 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 21 | അനുബന്ധം 2 | . |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 298932971 | 293332211 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതിന് രേഖയില്ല.
2. ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല.
3. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
4. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി /പി9-549/2019 തീയതി.01.07.2019 പ്രകാരം സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15201848 |
| വരവ് | 147379929 |
| ആകെ | 162581777 |
| ചെലവ് | 144281947 |
| നീക്കിയിരിപ്പ് | 18299830 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 21388000 | 21388000 | 21388000 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 8134000 | 8134000 | 8134000 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 267000 | 267000 | 267000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3802000 | 3802000 | 3802000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4344000 | 4344000 | 3601963 | 742037 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9927000 | 9927000 | 9927000 | 0 |
| എസ്.ബി.ഐ ഇ പേമെന്റ് | 16642 | 166583 | 183225 | 0 | 183225 |
| ഡിസ്ട്രിക്ക് കോ ഓപ്പറേറ്റീവ് ബാങ്ക് | 8444623 | 71522751 | 79967374 | 71802658 | 8164716 |
| ടി.എസ്.ബി (ജനറൽ പർപ്പസ്) | 2504097 | 12429678 | 14933775 | 10486546 | 4447229 |
| എസ്.ബി.ഐ TSC | 2675091 | 261657 | 2936748 | 2638576 | 298172 |
| വിജയ ബാങ്ക് സാക്ഷരത | 71058 | 2519 | 73577 | 0 | 73577 |
| പഞ്ചാബ് നാഷണൽ ബാങ്ക് | 424651 | 1679350 | 2104001 | 1652921 | 451080 |
| ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 791137 | 13016540 | 13807677 | 9803322 | 4004355 |
| PNB തൊഴിലുറപ്പ് പദ്ധതി | 3832 | 507685 | 511517 | 507156 | 4361 |
| എസ്.ബി.ഐ സ്വച്ഛഭാരത് ഗ്രാന്റ് | 0 | 522769 | 522769 | 88 | 522681 |
| ക്യാഷ് | 270717 | 150434 | 421151 | 270717 | 150434 |

കുറിപ്പ്: ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത് ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 218019999 | 140 | 122796511 | 16 | 18 | 80.46% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3832 | 507685 | 511517 | 507156 | 4361 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62255844 | 62255844 | 62255844 | 0 |
| ആകെ | 3832 | 62763529 | 62767361 | 62763000 | 4361 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 1005360 | 491 |
| കർഷകതൊഴിലാളി പെൻഷൻ | 4182800 | 382 |
| വിധവാ പെൻഷൻ | 9868000 | 814 |
| വാർദ്ധക്യകാല പെൻഷൻ | 30809000 | 2885 |
| വികലാംഗ പെൻഷൻ | 5520300 | 429 |
| അവിവാഹിത പെൻഷൻ | 904400 | 71 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 360000 | 12 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1394/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
2.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ പലപ്പോഴും രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. മാർച്ച് 2019-ൽ 01.03.2019, 06.03.2019, 12.03.2019 തീയതികളിലും ഫെബ്രുവരി 2019-ൽ 01.02.2019, 08.02.2019, 22.02.2019, 15.02.2019 തീയതികളിൽ മാത്രമാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ഡ്യൂട്ടി രജിസ്റ്റർ സൂപ്പർവൈസ് ചെയ്യപ്പെടുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്.
3.സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5.സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഭരണസമിതി തീരുമാനം നടപ്പാക്കിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.
1)16.05.2018-ലെ തീരുമാനം 7(1) പ്രകാരം പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് പഴയ മേശ, കസേര തുടങ്ങിയ സാധനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ കൃത്യമായ എണ്ണവും വാല്യുവേഷനും തിട്ടപ്പെടുത്തി നൽകുന്നതിന് എ.ഇ., സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. എന്നാൽ ഇതുവരെ വാല്യുവേഷൻ നിർണ്ണയിക്കുകയോ ലേലം നടത്തുകയോ ചെയ്തിട്ടില്ല.
2) 2017-18 വർഷം വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ തമ്പുരാൻകാലായിൽ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥ 240 കട്ടിലുകൾക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. സ്ഥാപനം 99 കട്ടിലുകൾ എത്തിച്ചുതന്നതിന് ഗുണനിലവാരമില്ല എന്ന് പൊതുജനങ്ങളും ജനപ്രതിനിധികളും പ്രൊക്യുവർമെന്റ് കമ്മറ്റിയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 17.04.2018 -ലെ 6(2) തീരുമാനപ്രകാരം ടി ടെൻഡർ ക്യാൻസൽ ചെയ്യുന്നതിനും രണ്ടാം സ്ഥാനത്തുള്ള മെഗാ എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ കൊടുക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ SIDCO യിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
7.ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
8.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
9.ഓഫീസ് ഓർഡർ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി 100% പിരിവ് കൈവരിക്കുന്നതിനായി ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018-ലെ ഡി3-29646/17 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയത്തോടനുബന്ധിച്ച് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ചുനൽകിയിട്ടുണ്ട്.
10.പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൂടുന്നുണ്ട്. എന്നാൽ മിനിട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നു.

11.പെർമിറ്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും രേഖപ്പെടുത്തുന്നില്ല. തുടർനടപടികളെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ഈടാക്കുന്ന തുകയുടെ വിവരങ്ങൾ പലതിലും രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിലും ഈടാക്കുന്ന തുകയുടെ വിവരം യഥാസമയം രേഖപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

12.ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2019 | മെയ് 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2016 | 2011-12 മുതൽ 2015-16 വരെ | 06.12.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-18- ൽ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തുക 14110/- രൂപ ആണ് കാണിച്ചിട്ടുള്ളത്. എന്നാൽ 1056000/-രൂപയാണ് അനെർട്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. മറ്റ് അപാകതകൾ കെ.എസ്.എ-എ.എൽ.പി/പി9-549/2019 തീയതി.01.07.2019 പ്രകാരം പുറപ്പെടുവിച്ച സർട്ടിഫിക്കറ്റിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-13 പദ്ധതിരൂപീകരണം

### വർക്കിംഗ് ഗ്രൂപ്പുകൾ

അതത് വികസന മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല. ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) പ്രാദേശിക സാമ്പത്തിക വികസനം

2) മൃഗസംരക്ഷണവും ക്ഷീരവികസനവും

3) വിദ്യാഭ്യാസവും കലയും സംസ്കാരവും

4) കുടിവെള്ളം ശുചിത്വം

5) വനിതാവികസനം

6) പൊതുമരാമത്ത്

7) സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ മുതലായവ)

8) ദാരിദ്ര്യ ലഘൂകരണം

9) ആരോഗ്യം

10) പട്ടികജാതി വികസനം

11) പൊതുഭരണവും ധനകാര്യവും

12) കൃഷി (മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് -ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെ)

13)കാലാവസ്ഥയും ദുരന്തനിവാരണവും

തീരദേശമേഖലയിലും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ള തദ്ദേശഭരണ സ്ഥാപനത്തിലും മത്സ്യമേഖലാ വികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് ഉണ്ടായിരിക്കണമെന്ന് 29.01.2018-ലെ സ.ഉ(കൈ)നം.11/2018/ ത.സ്വ.ഭ.വ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ മത്സ്യമേഖലാവികസനത്തിന് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്. 2018-19 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 29.01.2018-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. യോഗത്തിൽ ഗ്രൂപ്പ് അംഗങ്ങളുടെ പ്രാതിനിധ്യം കുറവാണ്. ഗ്രൂപ്പ് യോഗങ്ങളിൽ ക്രിയാത്മകമായ ചർച്ച ആവശ്യമായതിനാൽ പരമാവധി അംഗങ്ങൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പല പ്രോജക്ടുകളും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിലുള്ളവയല്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. ഉദാഹരണത്തിന് പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങൾ പുരുഷ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ധനസഹായം നൽകുക, പുതുതായി വരുന്ന വനിതാ തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ധനസഹായവും നൽകുക, കയർ മേഖലയുടെ വികസനത്തിന് കാർപ്പറ്റ് നിർമ്മാണം ആരംഭിക്കുക, പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക, വനിതകൾക്ക് ബ്യൂട്ടീഷൻ കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും ധനസഹായവും നൽകുക, വനിതകൾക്ക് തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുക എന്നിവയാണ്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും തന്നെ പ്രോജക്ട് രൂപീകരണത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ജനോപകാരപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചർച്ചകളും നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഉണ്ടാവേണ്ടതാണ്. വിദ്യാഭ്യാസവും കലയും സംസ്കാരവും, വനിതാവികസനം എന്നിവ ക്രിയാത്മകമായ ചർച്ചകൾ നടത്തിയ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉദാഹരണങ്ങളാണ്.

വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി വിലയിരുത്തേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

<u>വികസന സെമിനാർ</u>

പരമാവധി ജന പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസനസെമിനാറിന്റെ ലക്ഷ്യം. വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്. 15.03.2018-ലാണ് ഗ്രാമ പഞ്ചായത്തിൽ വികസന സെമിനാർ നടന്നിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നടന്ന വികസന സെമിനാറിലും ജനപങ്കാളിത്തം വളരെ കുറവാണ്. ദാരിദ്ര്യലഘൂകരണം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ 6 പേർ വീതം മാത്രമാണ് പങ്കെടുത്തത്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ആസൂത്രണസമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഊരുകൂട്ടം പ്രതിനിധികൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, എ.ഡി.എസ് പ്രതിനിധികൾ, സി.ഡി.എസ് അംഗങ്ങൾ, ബാങ്കുകളിലേയും ധനകാര്യസ്ഥാപനങ്ങളിലേയും പ്രതിനിധികൾ, **സ്റ്റേക്ക് ഹോൾഡർമാർ**, പ്രൊഫഷണലുകൾ, വിദഗ്ദർ, സന്നദ്ധ പ്രവർത്തകർ മുതലായ എല്ലാ വിഭാഗം ജനങ്ങളേയും വികസന സെമിനാറിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ആസൂത്രണസമിതി യോഗം</u>

2018-19 സാമ്പത്തികവർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മുൻഗണന നൽകേണ്ട വിഷയങ്ങളെക്കുറിച്ച് 27.01.2018 ലെ യോഗം ചർച്ച ചെയ്തു. 02.02.2018, 13.03.2018 തീയതികളിലും ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ട്. മിനിട്സിൽ വിശദമായ യോഗതീരുമാനങ്ങൾ എഴുതുന്നില്ല. തീരുമാനങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>ഗ്രാമസഭ, ഊരുകൂട്ടം</u>

പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് 2018 ഫെബ്രുവരി മാസത്തിൽ കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായും ജൂൺ 2018 – ൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായും ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്. ഊരുകൂട്ടം യോഗങ്ങൾ നല്ലരീതിയിൽ നടക്കുന്നുണ്ട്.

## 1-14 പൊതുവായ വിവരങ്ങൾ

**1)വാർഷിക ബജറ്റും വരവ്ചെലവുകളും**

2018-19-ലെ വാർഷിക ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 298932971 | 293332211 |
| വാർഷിക കണക്ക് പ്രകാരം | 162581777 | 144281947 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 പ്രകാരം ബജറ്റ് നടപടികൾ സ്വീകരിക്കേണ്ടതും 214(3)അനുശാസിക്കുംവിധം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവുകളിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ യഥാർത്ഥ വരവ് ചെലവുകളും ബജറ്റിൽ കാണിച്ചിട്ടുള്ള വരവ് ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ: തൊഴിൽനികുതി ബജറ്റ് പ്രകാരം 30 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ 2018-19 വർഷത്തിൽ ആകെ ഡിമാന്റ് 1610370/- രൂപയും 2017-18-ലെ ഡിമാന്റ് 1896815/- രൂപയും മാത്രമാണുള്ളത്.

**2) നികുതി നിർണ്ണയവും വസൂലാക്കലും**

2018-19 വർഷത്തിൽ 1880 കെട്ടിടങ്ങൾക്ക് വസ്തുനികുതി പുതിയതായി നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ 209 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. വസ്തുനികുതി പിരിവ് 100% ആണെന്ന് കാണുന്നു. ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**3) ഗ്രാന്റുകൾ, സംഭാവനകൾ**

പ്രളയത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 17.09.2018-ൽ 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**4) പദ്ധതി ചെലവുകൾ**

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) ഒഴികെയുള്ള തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 21388000 | 21388000 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 8134000 | 8134000 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 267000 | 267000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 3802000 | 3802000 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4344000 | 3601963 | 742037 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9927000 | 9927000 | 0 |
| **ആകെ** | | | |

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ 742037 രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

**5)അനിവാര്യചുമതലകളും ചെലവുകളും**

അനിവാര്യചുമതലകൾ നിറവേറ്റുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എന്നാൽ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുകയോ കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്ന സ്ഥലങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുകയോ ചെയ്തിട്ടില്ല. വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ, തെരുവ്നായ നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നില്ല. ഖരമാലിന്യ സംസ്കരണം, ശ്മശാന നിർമ്മാണം എന്നിവയ്ക്ക് പ്രോജക്ട് വച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കിയിട്ടില്ല.

**6) പ്രത്യേക ഫണ്ടുകളുടെ വിനിയോഗം**

2018-19 വർഷം ലഭിച്ച പ്രത്യേക ഫണ്ടുകളും അവയുടെ വിനിയോഗവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഹോർട്ടികൾച്ചറൽ മിഷൻ (റൂറൽ മാർക്കറ്റ് നിർമ്മാണം) | 0 | 1000000 | 1000000 | 1000000 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 400000 | 400000 | 400000 | 0 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| വിമുക്തി | 12500 | 25000 | 37500 | 0 | 37500 |
| പ്രദേശിക വികസനസമിതി | 1276315 | 617035 | 1893350 | 1544010 | 349340 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കോർപ്പസ് ഫണ്ട് | 103341 | 24050 | 127391 | 103341 | 24050 |
| സാമൂഹ്യനീതി വകുപ്പ് (പകൽവീടിന് അധികസൗകര്യങ്ങൾ) | 0 | 280000 | 280000 | 77687 | 202303 |

7)**ഭരണപരമായ കാര്യക്ഷമത**

ഭരണപരമായ കാര്യക്ഷമത പുലർത്തുന്നുണ്ടെങ്കിലും നടപ്പാക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് അതതു മേഖലകളിൽ വിശദമായ ചർച്ച നടത്തിയതായി കാണുന്നില്ല.

8) **മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ**

1997 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം ഒരു പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയതും അല്ലാതെയും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ മുൻഗണനാക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണെങ്കിലും ഇത്തരത്തിലൊരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ശരിയായ കാഴ്ചപ്പാട് ഇല്ലാത്തതിനാൽ ചില റോഡുകളുടെ കാര്യത്തിൽ പൂർണ്ണമായി റോഡ് വർക്കുകൾ ചെയ്യാതെ മദ്ധ്യഭാഗം വിട്ടിട്ട് ഇരു സൈഡുകളിലും വർക്ക് ചെയ്യുന്നതായി കാണുന്നു. കണക്ടിവിറ്റിമാപ്പ് അനുസരിച്ച് കണക്ടിവിറ്റിയില്ലാത്ത ധാരാളം റോഡുകൾ കാണുന്നു. റോഡ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2018/19 വരെ പല ഗ്രാവൽ റോഡുകളും മെറ്റൽ റോഡുകളാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ പല മെറ്റൽ റോഡുകളും ടാർ റോഡുകളാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മാറ്റം ആസ്തിരജിസ്റ്ററിലും റോഡുകളുടെ പട്ടികയിലും വരുത്തിയിട്ടില്ല.

9) **കടബാദ്ധ്യതകളും തിരിച്ചടവ് വിവരങ്ങളും**

ഭവനനിർമ്മാണത്തിനായി 2018-19 വർഷം 58615865 രൂപ ഹഡ്കോയിൽനിന്നും വായ്പയെടുത്തിട്ടുണ്ട്. ഇത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തിരിച്ചടവ് നടത്തിയിട്ടില്ല.

10) **മേഖലതിരിച്ചുള്ള ചെലവ്**

| ഫണ്ടിനം | ഉല്പാദനം | | സേവനം | | പശ്ചാത്തലം | |
|---|---|---|---|---|---|---|
| | വകയിരുത്തിയത് | ചെലവ് | വകയിരുത്തിയത് | ചെലവ് | വകയിരുത്തിയത് | ചെലവ് |
| വികസനഫണ്ട് ജനറൽ | 4766715 | 4675754 | 17612575 | 16337551 | 377610 | 374695 |
| വികസന ഫണ്ട് എസ്.സി.പി. | 306000 | 189037 | 8390500 | 7944963 | 0 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 195000 | 180000 | 117000 | 87000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 0 | 0 | 0 | 4352000 | 3802000 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 600000 | 600000 | 3850430 | 2875163 | 300000 | 126800 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 0 | 2279000 | 697322 | 11700252 | 9229678 |

**2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽനിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും ചെലവും**

| മേഖല/പദ്ധതി | 2018-19 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| | ലഭിക്കുന്ന വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | | |
| ഉല്പാദനമേഖല (ജനറൽ സാധാരണവിഹിതം) | 3422080 | 4703815 | 4634504 |
| ശുചിത്വം- മാലിന്യസംസ്കരണം- ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം) | 1711040 | 1712000 | 130322 |
| പാർപ്പിടമേഖല | 5957800 | 13913481 | 13584381 |
| വനിതാഘടകപദ്ധതി | 2551140 | 2575675 | 2418175 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | 1275570 | 1365704 | 1036665 |
| വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1275570 | 1426314 | 1047159 |

ശുചിത്വം- മാലിന്യസംസ്കരണം-ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം), വനിതാഘടകപദ്ധതി, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി, വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) എന്നിവയിൽ വകയിരുത്തേണ്ട തുകയിലും കുറവാണ് ചെലവ് ചെയ്തിട്ടുള്ളത്. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചില്ലെങ്കിൽ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയില്ല എന്നതിനാൽ അനിവാര്യപദ്ധതികൾക്കായി തുക വകയിരുത്തുകയും പിന്നീട് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

**11) <u>SCP, TSP പദ്ധതികൾക്കായുള്ള ചെലവ്</u>**

SCP, TSP പദ്ധതികൾക്കുവേണ്ടി നീക്കിവച്ച തുക അതതു പദ്ധതികൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ടി.എസ്.പി.ഫണ്ട് - പ്രോജക്ടുകൾ തെരഞ്ഞെടുത്തത് ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയാണെന്നുകാണുന്നു. 2018/19 വർഷത്തിൽ ചേർന്നിട്ടുള്ള ഊരുകൂട്ടത്തിൽ വരുമാന വർദ്ധനവിനുതകുന്ന പ്രോജക്ടുകളാണ് തെരഞ്ഞടുക്കേണ്ടതെന്ന് തീരുമാനിച്ചിരുന്നു. ഇതുപരിഗണിച്ച് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുപകരം 50 ശതമാനത്തിലധികം ഫണ്ട് വരുമാന വർദ്ധനവിനുതകുന്ന പ്രോജക്ട് ആണെങ്കിൽ കൂടി ആട് വിതരണം എന്ന പ്രോജക്ടിനായി വകയിരുത്തുകയും ചെലവഴിക്കുകയുമുണ്ടായി. അതുപോലെ 12.5% തുക വൃദ്ധൻമാർക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിനു വകയിരുത്തി. വൃദ്ധൻമാർക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ട് പ്രത്യേകം എടുക്കാതെ പഞ്ചായത്ത് നടപ്പാക്കിയ സമാനമായ പ്രോജക്ടിൽ ഈ വിഭാഗക്കാരെ കൂടി ഉൾപ്പെടുത്തി നടപ്പാക്കിയിരുന്നെങ്കിൽ ഇതിനുവേണ്ടി ചെലവഴിച്ചതുക ഈ വിഭാഗത്തിന് വരുമാന വർദ്ധനവ് ഉണ്ടാക്കുവാനുതകുന്ന മറ്റ് പ്രോജക്ടുകൾക്ക് വിനിയോഗിക്കാനാകുമായിരുന്നു. ഫണ്ട് വിനിയോഗത്തിൽ വന്നിട്ടുള്ള പോരായ്മകൾ ഖണ്ഡിക 3-5 ൽ ചേർത്തിട്ടുണ്ട്.

**12)<u>മറ്റ് അപാകതകൾ</u>**

വസ്തു നികുതി 100% പിരിവ് എന്ന നേട്ടം കൈവരിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തൊഴിൽനികുതി പിരിവ് കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഏറ്റെടുത്ത പല പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ/ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്(വിശദാംശം 3-3, 3-4, 3-8, 3-9 ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്). ഡെപ്പോസിറ്റ് വർക്കുകൾക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 21ലക്ഷം രൂപ വിനിയോഗിക്കപ്പെടാതെ സ്ഥാപനത്തിന്റെ നിഷ്ക്രിയാവസ്ഥയിൽ തുടരുന്നു (ഖണ്ഡിക 3-2 കാണുക). തെരുവ് വിളക്ക് പരിപാലനം സുതാര്യമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി

നിർമ്മിച്ചിട്ടുള്ള പകൽവീട് പ്രവർത്തനക്ഷമമാക്കുന്നതിന് സത്വരനടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്. 2018-19 കാലയളവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

**1. ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.**

എ) ഡോൾഫിൻ മാർക്കറ്റിങ്

ബി) പ്രീമിയർ മറൈൻ ഫുഡ്സ്

സി) പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്-1308

ഡി) പള്ളിപ്പുറം ക്ഷീര സംഘം-A61D

ഇ) ക്ഷീര സംഘം-A202A

എഫ് ) പള്ളിപ്പുറം വില്ലേജ് സഹകരണ ബാങ്ക്-335

**2.<u>രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

എ) ദീപ്തി ഫുഡ്സ്

ബി) റിലയൻസ് SMLS LTD

സി) ക്ഷീര സംഘം-A202A

ഡി) ഡോൾഫിൻ മാർക്കറ്റിങ്

ഇ) സബ് പോസ്റ്റ് മാസ്റ്റർ, കൊച്ചുരാമപുരം

3. ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിട്ടില്ല.

എ) ഒറ്റപ്പന്ന സൂപ്പർ മാർക്കറ്റ്

ബി) പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്-1308

സി) പള്ളിപ്പുറം വില്ലേജ് സഹകരണ ബാങ്ക്-335

ഡി) പള്ളിപ്പുറം ക്ഷീര സംഘം-A61D

**4.രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിട്ടില്ല**

എ) പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്-1308

ബി) പള്ളിപ്പുറം വില്ലേജ് സഹകരണ ബാങ്ക്-335

**5.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2018-19 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1.വി.ഒ.ജോസഫ്

2.ജിനോയ് വർഗ്ഗീസ്

3.മാത്യു. ടി.വി

4.ജെ.തങ്കച്ചൻ

5.സുരേഷ്.എസ് നായർ

6.പി.പങ്കജാക്ഷൻ പിള്ള

7.ആനന്ദ പൈ

8.പ്രിൻസ്. എൻ.എസ്

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 2-2 ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിൽ രണ്ട് എണ്ണം മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ഇതിൽ വ്യത്യസ്ത തുകകളാണ് ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പേര്/വിലാസം | ലൈസൻസ് | ഈടാക്കിയ തുക |
|---|---|---|---|
| 1 | സുബദ്രാംബിക ഉപേന്ദ്രൻ, തിരുനല്ലൂർ. പി. ഒ. | പെട്രോളിയം, ഡീസൽ വിൽപ്പന | 2000/- |
| 2 | ഹരീഷ്. എസ്, തിരുനല്ലൂർ.പി.ഒ | ലൈസൻസ് എടുത്തിട്ടില്ല | ഇല്ല |
| 3 | ധന്യ ബോബൻ, വെളിയിൽ, തൈക്കാട്ടുശ്ശേരി. | ലൈസൻസ് എടുത്തിട്ടില്ല | 500/- |

സുബദ്രാംബിക ഉപേന്ദ്രൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിൽ നിന്ന് 2000/-രൂപയാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത്. ജി.ഒ(പി)80/17/എൽ.എസ്.ജി.ഡി/തീയതി.31.10.2017 പ്രകാരം "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ" പ്രകാരം 2000/-രൂപ എന്ന നിരക്ക് ഷെഡ്യൂൾ.2-ൽ ഉൾപ്പെടുന്നില്ല. ഈ നിരക്ക് എപ്രകാരമാണ് നിർണ്ണയിച്ചതെന്ന വ്യക്തമാക്കേണ്ടതാണ്.

ഹരീഷ്. എസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ചൂഴിക്കാട്ട് ഫ്യുവൽസ് എന്ന സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതിരുന്നതിനാലാണ് അപേക്ഷ സ്വീകരിച്ച് ഫീസ് വാങ്ങാതിരുന്നതെന്നും ടിയാൾക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുള്ളതാണെന്നും ഫീസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കാമെന്നുമാണ് (ഓഡിറ്റ് എൻക്വയറി നം.25)ന് സെക്രട്ടറി മറുപടി നൽകിയത്.

ധന്യ ബോബൻ, വെളിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വെളിയിൽ ഫ്യുവൽസ് എന്ന സ്ഥാപനത്തിന് സെക്രട്ടറി ശ്രീ.പി. സാബു നേരിട്ട് ഫീസ് നിർണ്ണയിച്ച് നൽകിയതാണെന്നും വിധവ എന്ന പരിഗണന നല്കിയതാണെന്നും ഓഡിറ്റ് എൻക്വയറി നം.25ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ധാരാളം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഇനത്തിൽ വളരെ തുച്ഛമായ തുകയാണ് ഈടാക്കിവരുന്നത്. കേരള പഞ്ചായത്ത് രാജ് "ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ"ചട്ടങ്ങൾ പ്രകാരം പെട്രോൾ പമ്പുകൾക്ക് മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരികേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 2-3 ടെൻഡർ ഫീസ് ഈടാക്കിയത് തനതുഫണ്ടിൽ വരവ് വച്ചില്ല

2018-19 സാമ്പത്തിക വർഷം ഇ ടെൻഡർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഇനത്തിൽ ലഭിച്ച 65292/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ടെൻഡർ ഫീസ് ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതായതിനാൽ തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 3 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

**1) <u>തെരുവ് വിളക്ക് പരിപാലനം S0018/19</u>**

വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) 400000/-രൂപയാണ് പ്രോജക്ട് അടങ്കൽ. തെരുവ് വിളക്ക് അറ്റകുറ്റപ്പണി ചെയ്ത് പുന:സ്ഥാപിക്കുന്നതിന് (മെറ്റീരിയൽസ് ഒഴികെ) ടെൻഡർ ക്ഷണിച്ച് കുറഞ്ഞ ടെൻഡർ സമർപ്പിച്ച ശ്രീ.കെ.ഐ. അജിത് പ്രസാദിന്റെ 240/- രൂപയുടെ നിരക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 14.08.2018-ലെ തീരുമാനം നം.8(3) പ്രകാരം അംഗീകരിച്ചു. 79 സിംഗിൾ ട്യൂബ് സെറ്റ് അറ്റകുറ്റപ്പണി നടത്തിയതിന് 18960/- രൂപ ചെലവഴിച്ചു. ആവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങി റിപ്പയർ ചെയ്ത് തിരികെ സ്ഥാപിക്കുന്നതിനായി പ്രോജക്ട് അടങ്കൽ വ്യത്യാസപ്പെടുത്തി ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അജിത് കുമാറിന്റെ മെറ്റീരിയൽസ് ഉൾപ്പെടെ ക്വാട്ട് ചെയ്ത നിരക്ക് അംഗീകരിച്ചു. കരാറുകാരൻ ഹാജരാക്കിയ ബില്ലുകളിൽ തെരുവ് വിളക്ക് പോസ്റ്റിൽ നിന്ന് എടുത്ത് റിപ്പയർ ചെയ്ത് തിരികെ ഫിറ്റ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. ഇതിനായി മെറ്റീരിയൽസ് ഉപയോഗിച്ചതിന്റെ വിവരം കാണിച്ചിട്ടില്ല. എന്നാൽ മെറ്റീരിയൽസ് ഉൾപ്പെടെയുള്ള റേറ്റ് ആണ് നൽകിയിട്ടുള്ളത്. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല. കേടായ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിൽ തിരിച്ച് ഏൽപ്പിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/14.07.2019) ട്യൂബ് സെറ്റ്, എൽ.ഇ.ഡി എന്നിവ അഴിച്ച് ബൾബും ട്യൂബും പുതുതായി ഇട്ടതിനുശേഷമാണ് അതേ പോസ്റ്റിൽ ഫിറ്റ് ചെയ്തതെന്നും കരാറുകാരന് ടൈപ്പ് ചെയ്തതിൽ തെറ്റ് പറ്റിയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രോജക്ട് സുതാര്യമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

**ചെലവ്**

18960/- ബിൽ നം. 15/2018-19 തീയതി. 16.10.2018

296920/- ബിൽ നം. 23/2018-19 തീയതി 17.01.2019

<u>84120</u>/- ബിൽ നം.28/2018-19 തീയതി 23.02.2019

ആകെ <u>400000</u>

**2)<u>തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ S0019/19</u>**

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 500000/- രൂപയാണ് വകയിരുത്തിയത്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കോർപ്പറേഷനിൽ നിന്നും LED Bulb 15W,Bulb shade metal, Bulb holder brass,1 GI pipe clamps bolts&nuts for LED Bulbs എന്നിവ 462 എണ്ണം വീതമാണ് വാങ്ങിയത്.

ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം LED Bulb 15 – 145 എണ്ണം, Bulb shade metal – 126 എണ്ണം, Bulb holder brass – 174 എണ്ണം, clamp – 135 എണ്ണം എന്നിവ ശ്രീ. അജിത് പ്രസാദ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ S0018/19 പ്രോജക്ടിൽ മെറ്റീരിയൽസ് വില ഉൾപ്പെടെ ക്വാട്ട് ചെയ്ത ടെൻഡർ പ്രകാരമാണ് ശ്രീ. അജിത് പ്രസാദ് LED ബൾബുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. ഇതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും ഉപകരണങ്ങൾ നൽകേണ്ടതില്ല. മെറ്റീരിയൽസ് വില ഒഴികെയുള്ള നിരക്ക് ക്വാട്ട് ചെയ്ത ടെൻഡർ പ്രകാരം സിംഗിൾ ട്യൂബ് സെറ്റുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തിയിട്ടുള്ളത്. അതിനാൽ അറ്റകുറ്റപ്പണിയ്ക്കായി ശ്രീ. അജിത് പ്രസാദിന് LED ബൾബുകളും അനുബന്ധ ഉപകരണങ്ങളും നൽകിയതിന്റെ ആവശ്യകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ശേഷിക്കുന്ന ഉപകരണങ്ങൾ ഇതുവരെ വിനിയോഗിച്ചിട്ടില്ല. ആവശ്യമില്ലാതെ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയതിന് തുക ചെലവഴിക്കുകയും അറ്റകുറ്റപ്പണിയ്ക്കായി മെറ്റീരിയൽസ് ഉൾപ്പെടെയുള്ള പ്രവൃത്തിക്ക് കരാറുകാരന് തുക നൽകുകയും ചെയ്ത നടപടി ന്യായീകരിക്കത്തക്കതല്ല. ഈ വിഷയത്തിൽ കൂടുതൽ

അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. 199815/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ്

199815/- ബിൽ നം. 24/2018-19 തീയതി. 29.01.2019

3) തെരുവ് വിളക്ക് പരിപാലനം S0146/19 (സ്പിൽ ഓവർ)

അടങ്കൽ: ധനകാര്യകമ്മീഷൻ ഗ്രാന്റ്- 100000 രൂപ

ചെലവ് : 22250/- ബിൽ നം. 5/2018-19 തീയതി. 09.07.2018

29500/- ബിൽ നം. 8/2018-19 തീയതി. 17.07.2018

പ്രോജക്ടിനായി ക്വട്ടേഷൻ ക്ഷണിച്ച് ശ്രീ കെ.പി.ഉണ്ണികൃഷ്ണൻ നായരുടെ ലൈറ്റ് ഒന്നിന് 250/- രൂപ പ്രകാരമുള്ള ക്വട്ടേഷൻ അംഗീകരിച്ചു. 2,3,4,5,8,9,16,17 വാർഡുകളിലെ 89 തെരുവുവിളക്കുകൾ നന്നാക്കിയതിന് 22250 രൂപയും, 2,3,5,6,13,14,16 വാർഡുകളിലെ 118 തെരുവുവിളക്കുകൾ നന്നാക്കിയതിന് 29500/- രൂപയും കൈപ്പറ്റിയിട്ടുണ്ട് (ആകെ ചെലവ് 51750/-രൂപ).

പൊതുവായ അപാകതകൾ

1) തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്ന പെറ്റീഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.

3) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-2 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - കെ.എസ്.ഇ.ബിയിൽ 21 ലക്ഷം വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷനായി 7 സ്പിൽ ഓവർ പ്രോജക്ടുകളും 4 പുതിയ പ്രോജക്ടുകളും നടപ്പാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. 7 സ്പിൽ ഓവർ പ്രോജക്ടുകളുടെ ഗ്രാമപഞ്ചായത്ത് വിഹിതം 2017-18 വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം 2017-18 വർഷം ലഭിക്കാത്തതിനാൽ 2018-19 വർഷമാണ് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. /പേര് | ഗ്രാമ പഞ്ചായത്ത് വിഹിതം (2017-18- ൽ നിക്ഷേപിച്ചത്) | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|
| S0151/19 MLA – കാരോണ്ട്കടവ് റോഡ് സ്ട്രീറ്റ് ലൈൻ | 85000 | 58160 | 143160 |
| S0147/19 പുനരധിവാസകോളനി സ്ട്രീറ്റ് ലൈൻ | 50000 | 33820 | 83820 |
| S0152/19 സെന്റ് മേരീസ് റോഡ് സ്ട്രീറ്റ് ലൈൻ | 50000 | 39888 | 89888 |
| S0153/19 ഒറ്റപ്പന – ചിറ്റേഴത്ത് - മാച്ചേരി റോഡ് സ്ട്രീറ്റ് ലൈൻ | 50000 | 33880 | 83880 |
| S0154/19 തൈക്കൂട്ടത്തിൽ റോഡ് സ്ട്രീറ്റ് ലൈൻ | 50000 | 42757 | 92757 |
| S0149/19 എസ്.എ കരനാട്ടുവെളി സ്ട്രീറ്റ് | 100000 | 95036 | 195036 |

| | | | |
|---|---|---|---|
| ലൈൻ എക്സ്റ്റെൻഷൻ | | | |
| S0156/19കുരിശ്ശടി കായൽറോഡ് സ്ട്രീറ്റ് ലൈൻ | 100000 | 49895 | 149895 |
| ആകെ | 485000 | 353436 | 838436 |

**<u>പുതിയ പ്രോജക്ടുകൾ</u>**

| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
|---|---|---|---|
| S0073/19 കണ്ണങ്കേരി - തോട്ടുകര സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 75000 | - | 75000 |
| S0071/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 10 | 50000 | 49987 | 99987 |
| S0072/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 5 | 35000 | 11657 | 46657 |
| S0022/19 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ വൈദ്യുതി കണക്ഷൻ | 217622 | - | 217622 |
| ആകെ | 377622 | 61644 | 439266 |

ആകെ 1277702/- രൂപ പ്രസ്തുത പ്രോജക്ടുകളിൽപ്പെടുത്തി കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 792702 രൂപ 2018-19 വർഷം നിക്ഷേപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുവരെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 792702/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2018-19 ബാലൻസ് ഷീറ്റ് B-18 പ്രകാരം 2107502 രൂപ KSEB യിൽ നിക്ഷേപിച്ചിട്ടുള്ളത് വിനിയോഗിക്കപ്പെട്ടിട്ടില്ല. ഇതിൽ 2018-19 വർഷത്തെ നിക്ഷേപം 792702/- രൂപ കഴിച്ച് ബാക്കി തുക 1314800/- രൂപ മുൻവർഷങ്ങളിലേതാണ്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**<u>മറ്റ് അപാകതകൾ</u>**

1)29.01.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.11/2018/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ. എന്നാൽ KSEB യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2)കണ്ണങ്കേരി - തോട്ടുകര സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തിയ്ക്ക് 75000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയെങ്കിലും തുക ലഭിക്കാത്തതിനാൽ കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ല.

# 3-3 ഘടകസ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

ഘടകസ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ (നം:S0004/19) എന്ന പ്രോജക്ടിനായി വികസനഫണ്ട് 441890/- രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് 600000/- രൂപയും തനതുഫണ്ട് 18000/-രൂപയും ഉൾപ്പെടെ 1059890/- രൂപയാണ് വകയിരുത്തിയത്. പ്രസ്തുത **പദ്ധതിയിൻകീഴിൽ** 3 കിലോവാട്ട് ശേഷിയും 10 കിലോവാട്ട് ശേഷിയുമുള്ള രണ്ട് ഓൺഗ്രിഡ് സൗരോർജ്ജനിലയം ഡെപ്പോസിറ്റ് പദ്ധതിയായി നിർവ്വഹിക്കുന്നതിന് 1056000/- രൂപ അനെർട്ടിൽ നിക്ഷേപിച്ചു.

അനെർട്ടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 03.12.2018-ൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 4 പ്രകാരം തുക അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ കുറഞ്ഞത് നാലുമാസത്തിനുള്ളിൽ അനെർട്ട് പദ്ധതി നിർവ്വഹണം

പൂർത്തീകരിക്കുന്നതാണ്. എന്നാൽ ഇതുവരെ സൗരോർജ്ജനിലയം സ്ഥാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/11.07.2019) ത്രീഫേസ് കണക്ഷൻ ലഭിച്ച വിവരം അനെർട്ടിന്റെ ഓഫീസിൽ അറിയിച്ചിട്ടുണ്ടെന്നും ഒരാഴ്ചയ്ക്കകം സോളാർ പാനൽ സ്ഥാപിച്ചുകൊള്ളാമെന്ന് സ്ഥാപനം സമ്മതിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. സോളാർ പാനൽ സ്ഥാപിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അനെർട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാന്റിന്റെ കമ്മീഷനിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ ഇൻസെന്റീവ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നാളിതുവരെ പ്രാവർത്തികമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയിങ്കീഴിൽ ഡെപ്പോസിറ്റ് ചെയ്ത 1056000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ചെലവ്

ബിൽ നം.16/2018-19 തീയതി.13.11.2018 തുക 600000/-

ബിൽ നം.17/2018-19 തീയതി.13.11.2018 തുക 441890/-

ചെക്ക് നം. 022379/26.11.2018 തുക 14110/-

# 3-4 സാന്ത്വന പരിചരണ പദ്ധതി -മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല

പള്ളിപ്പുറം കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ സാന്ത്വന പരിചരണ പദ്ധതിക്കായി (പ്രോജക്ട് നം. S 044/19) ചെക്ക് നം. 64297/26-11-18 പ്രകാരം 205888/- രൂപ പിൻവലിച്ച് (ബ്ലോക്ക് വിഹിതം ) കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് – ന്റെ 27-6-18 ലെ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 18 ഇനം മരുന്നുകൾക്കായി നൽകി. എന്നാൽ മരുന്ന് ലഭിച്ചിട്ടില്ല. അതുപോലെ ചെക്ക് നം. 64299/13-12-18 പ്രകാരം 113501/- രൂപ പിൻവലിച്ച് (ബ്ലോക്ക് വിഹിതം ) കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്-ന് വിവിധ മെഡിക്കൽ ഉപകരണങ്ങൾക്കായി നൽകി. ഇവയും നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ 319389/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-5 ടി.എസ്.പി.ഫണ്ട് വിനിയോഗം- പ്രോജക്ടുകൾ തെരഞ്ഞെടുത്തത് ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ

ടി.എസ്.പി.ഫണ്ട് – പ്രോജക്ടുകൾ തെരഞ്ഞെടുത്തത് ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയാണെന്ന് കാണുന്നു. 2018/19 വർഷത്തിൽ 359100 രൂപ വകയിരുത്തി 5 പ്രോജക്ടുകൾ ആണ് ടി.എസ്.പി.ഫണ്ട് ഉപയോഗിച്ച് നിർവ്വഹണത്തിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 4 പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ചെലവ് 306397/-രൂപ (85%). തെങ്ങുകയറ്റ യന്ത്രം വിതരണം, ആട് വിതരണം, വൃദ്ധൻമാർക്ക് കട്ടിൽ വിതരണം, വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, യൂണീഫോം വിതരണം എന്നിവയായിരുന്നു ലക്ഷ്യമിട്ടിരുന്ന പ്രോജക്ടുകൾ. ഇതിൽ തെങ്ങുകയറ്റ യന്ത്രം വിതരണം എന്ന പ്രോജക്ട് നടപ്പാക്കാനായില്ല. 2018/19 വർഷത്തിൽ ചേർന്നിട്ടുള്ള ഊരുകൂട്ടത്തിൽ വരുമാന വർദ്ധനവിനുതകുന്ന പ്രോജക്ടുകളാണ് തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിച്ചിരുന്നു. ഇതുപരിഗണിച്ച് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുപകരം 50 ശതമാനത്തിലധികം ഫണ്ട് ആട് വിതരണം എന്ന പ്രോജക്ടിനായി വകയിരുത്തുകയും ചെലവഴിക്കുകയുമുണ്ടായി. അതുപോലെ 12.5% തുക വൃദ്ധൻമാർക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിനു വകയിരുത്തി. വൃദ്ധൻമാർക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ട് പ്രത്യേകം എടുക്കാതെ പഞ്ചായത്ത് നടപ്പാക്കിയ സമാനമായ പ്രോജക്ടിൽ ഈ വിഭാഗക്കാരെ കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇതിനുവേണ്ടി ചെലവഴിച്ച തുക ഈ വിഭാഗത്തിന് വരുമാന വർദ്ധനവ് ഉണ്ടാക്കുവാനുതകുന്ന മറ്റ് പ്രോജക്ടുകൾക്ക് വിനിയോഗിക്കാനാകുമായിരുന്നു. ഊരുകൂട്ടത്തിൽ കോഴിയും കോഴിക്കൂടും വിതരണവും ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുക്കണമെന്ന് നിർദ്ദേശം വന്നിരുന്നു. വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് കുന്നേവെളി ഗിരിജൻകോളനിയിൽ

ഗ്രാവൽ ഇട്ട് ഉയർത്തുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്ന പരാതിയും ലഭിച്ചിരുന്നു. എന്നാൽ ഇതൊന്നും പ്രോജക്ട് രൂപീകരണവേളയിൽ പരിഗണിച്ചിട്ടില്ല. ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ടി.എസ്.പി ഫണ്ട് വകയിരുത്തിയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-6 വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രോജക്ടുകൾ കാര്യക്ഷമമല്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട (2017-22) വികസന രേഖയിൽ ഭിന്നശേഷിയുള്ളവർ,വൃദ്ധർ, കുട്ടികൾ എന്നിവരുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകിയുള്ള വികസന തന്ത്രമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ വൃദ്ധരുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനായുള്ള ക്രിയാത്മകമായ ചർച്ചകളൊന്നും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിലോ നടന്നതായി കാണുന്നില്ല. 2018/19 വർഷം വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രോജക്ടുകൾക്കായി 1977564/- രൂപ വകയിരുത്തിയതിൽ 1469595/-രൂപ മാത്രമാണ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടുകൾക്കായി ചെലവഴിച്ചത്. ഇതിൽ 1391908/- രൂപയുടെ പ്രോജക്ട് ചെലവ് കട്ടിൽ വിതരണത്തിനു വേണ്ടിയുള്ളതും (95%) 77687/-രൂപ പകൽവീടിന് അധികസൗകര്യം ഒരുക്കുന്നതിനുവേണ്ടിയുള്ളതുമാണ്.

A. <u>കട്ടിൽ വിതരണം</u>

വിവിധ വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുവേണ്ടി 2018/19 വർഷം 5 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത് ഇതിൽ 3 എണ്ണം സ്പിൽഓവർ പ്രോജക്ടുകൾ ആണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1. 60 കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ (SO) S 0157/19

ഇതിനായി ബിൽ നം. 4/28-7-2018 പ്രകാരം 474119/- രൂപ പിൻവലിച്ച് 109 കട്ടിലുകൾക്കായി സിഡ്കോ -യ്ക്ക് നൽകി.

2. 60 കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ-SC (SO) S 0158/19

ഇതിനായി ബിൽ നം. 3/28-7-2018 പ്രകാരം 395824/- രൂപ പിൻവലിച്ച് 91 കട്ടിലുകൾക്കായി സിഡ്കോ -യ്ക്ക് നൽകി.

3. 60 കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ -ST (SO) S 0159/19

ഇതിനായി ബിൽ നം. 2/28-7-2018 പ്രകാരം 43497/- രൂപ പിൻവലിച്ച് 10 കട്ടിലുകൾക്കായി സിഡ്കോ -യ്ക്ക് നൽകി.

4. 60 കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ S 087/19

ഇതിനായി ബിൽ നം. 37/11-3-2019 പ്രകാരം 204436/- രൂപ പിൻവലിച്ച് 47കട്ടിലുകൾക്കായി സിഡ്കോ -യ്ക്ക് നൽകി.

5. 60 കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ SC S 089/19

ഇതിനായി ബിൽ നം. 45/15-3-19 പ്രകാരം 274032/-രൂപ പിൻവലിച്ച് 63 കട്ടിലുകൾക്കായി സിഡ്കോ -യ്ക്ക് നൽകി.

ആകെ 320 കട്ടിലുകൾക്കായി 1391908/- രൂപ ചെലവഴിച്ചു.

പ്രോജക്ട് നടത്തിപ്പിൽ കാണുന്ന പോരായ്മകൾ താഴെ വിവരിക്കുന്നു.

1. 17-4-2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 6-2 നിശ്ചയപ്രകാരം വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ സപ്ലൈ ഓർഡർ ലഭിച്ച തമ്പുരാൻ കാലയിൽ എന്ന സ്ഥാപനം സപ്ലൈ ചെയ്ത കട്ടിൽ ഗുണമേൻമയില്ലാത്തതിനാൽ രണ്ടാം സ്ഥാനത്തുള്ള മെഗാഎഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന്റെ

ടെണ്ടർ അംഗീകരിച്ച് കട്ടിൽ ഒരെണ്ണത്തിന് 3600/-രൂപയ്ക്ക് സപ്ലൈ ഓഡർ നൽകി. ഇതൊന്നും പരിഗണിക്കാതെ ഒരു കട്ടിലിന് 4350/- രൂപയെന്ന ഉയർന്ന വിലയ്ക്കാണ് സിഡ്കോ – യിൽ നിന്നും കട്ടിലുകൾ വാങ്ങിയത്. എന്നാൽ രണ്ടാം സ്ഥാനത്തുള്ള കരാറുകാരനെ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. ആകെ വാങ്ങിയ 320 കട്ടിലുകൾക്കായി ഒരെണ്ണത്തിന് 3600/-രൂപ വച്ച് ആയിരുന്നെങ്കിൽ 1152000/- മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. അധികം ചെലവഴിച്ചത് 239908/- രൂപ (1391908-1152000 = 239908) സിഡ്കോയിൽ നിന്നും കട്ടിലുകൾ വാങ്ങുന്നതിനുള്ള കമ്മറ്റിതീരുമാനം ഹാജരാക്കേണ്ടതാണ് എന്നു കാണിച്ച് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ ഫയലുകളിൽ ടെണ്ടർ കാണിച്ചതിന്റെയോ അംഗീകരിച്ചതിന്റേയോ യാതൊരു രേഖകളും ഉൾപ്പെടുത്തിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ഉയർന്ന വിലയ്ക്ക് കട്ടിലുകൾ വാങ്ങിയതിനാൽ അധികം വന്ന 239908/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.

3.കട്ടിൽ ലഭിച്ചിട്ടുള്ളവർക്ക് ഇത് ആവശ്യമാണെന്നും, മുൻവർഷങ്ങളിൽ ഇവർക്ക് കട്ടിൽ ലഭിച്ചിട്ടില്ല എന്നും നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയതായി കാണുന്നില്ല.

B. പകൽവീടിന് (സായംപ്രഭ ഹോം) അധിക സൗകര്യം-പ്രോജക്ട് നം.190/19

സാമൂഹ്യനീതി വകുപ്പിൽനിന്നും പകൽവീടിന്റെ വികസനത്തിനായി ലഭിച്ച 2,80,000/- രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിൽ തൻവർഷം 77,687/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ തുക ചെലവഴിച്ച് പ്ലാസ്റ്റിക് കസേര, ഈസി ചെയർ, മേശ, കട്ടിൽ, ടി.വി. എന്നിവ വാങ്ങി. എന്നാൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചാണോ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുവാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. പ്രോജക്ടിന്റെ നിർവഹണം നടത്തിയ ഐ.സി.ഡി.എസ്.സൂപ്പർവൈസർ പകൽവീടിന്റെ നിലവിലുള്ള പ്രവർത്തനം സംബന്ധിച്ച് രേഖകൾ ഹാജരാക്കിയില്ല. പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ചുള്ള കെട്ടിടമാണ് പകൽവീടിനായി തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നിലവിൽ ഈ കെട്ടിടത്തിൽ യോഗങ്ങൾ നടത്തുവാനും മറ്റ് പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടും പകൽവീട് പ്രാവർത്തികമായിട്ടില്ല എന്നത് വളരെ ഗൗരവമുള്ള അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു.

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി കാര്യക്ഷമമായ രീതിയിൽ പകൽവീട് ഉപയോഗപ്രദമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. അതുപോലെ വൃദ്ധരുടെ ക്ഷേമത്തിനായി വിവിധ കമ്മറ്റികൾ ക്രിയാത്മകമായ ചർച്ചകൾ നടത്തേണ്ടതും അവരുടെ ക്ഷേമമുറപ്പിക്കാനുതകുന്ന പ്രോജക്ടുകൾ നടപ്പാക്കേണ്ടതുമാണ്.

# 3-7 മട്ടുപ്പാവിൽ പച്ചക്കറികൃഷി - കരാർ ലംഘനം നടത്തിയ കരാറുകാരന് ഇ.എം.ഡി തിരികെ നൽകി

മട്ടുപ്പാവിൽ പച്ചക്കറികൃഷി എന്ന പ്രോജക്ടിൽ പോട്ടിംഗ് മിശ്രിതം നിറച്ച 10" മൺചട്ടികൾ 850 എണ്ണവും പച്ചക്കറിതൈകളും വാങ്ങുന്നതിനായി വികസനഫണ്ട് 62900/- രൂപയും ഗുണഭോക്തൃവിഹിതം 59500/- രൂപയും ഉൾപ്പെടെ 122400/- രൂപയാണ് വകയിരുത്തിയത്. പ്രോജക്ട് പ്രകാരം 850 മൺചട്ടികൾക്ക് 119000/- രൂപയാണ് നിശ്ചയിച്ചിരുന്നത് (ഒരെണ്ണത്തിന് 140/-രൂപ) മൺചട്ടികൾ സപ്ലൈ ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ, രണ്ട് ടെൻഡറുകൾ ലഭിച്ചു.
(1)കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് പോട്ടിംഗ് മിശ്രിതം നിറച്ച 10" മൺചട്ടി ഒരെണ്ണത്തിന് 128 രൂപയും (2)ശ്രീ. സുരേഷ് എസ് നായർ പോട്ടിംഗ് മിശ്രിതം നിറച്ച 9" മൺചട്ടി ഒരെണ്ണത്തിന് 124.60 രൂപ (എസ്റ്റിമേറ്റ് നിരക്കിലും 11% കുറവ്).
കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുരേഷ്. എസ്. നായർക്ക് സപ്ലൈ ഓർഡർ നൽകി. ശ്രീ.സുരേഷ്.എസ്.നായർ വിതരണം ചെയ്ത മൺചട്ടി ഗുണനിലവാരമില്ലാത്തതെന്ന് കണ്ടതിനാൽ ഗുണനിലവാരമുള്ള ചട്ടികൾ വിതരണം ചെയ്യാൻ പഞ്ചായത്ത് കമ്മറ്റിയുടെ 31.03.18 – ലെ 2(1) നം. തീരുമാനപ്രകാരം കോൺട്രാക്ടർക്ക് നിർദ്ദേശം നൽകി. എന്നാൽ കരാറുകാരൻ ഗുണനിലവാരമുള്ള ചട്ടികൾ സപ്ലൈ ചെയ്യാത്തതിനെത്തുടർന്ന് ടിയാനുമായുള്ള എഗ്രിമെന്റ് റദ്ദാക്കുന്നതിനും പകരം രണ്ടാം സ്ഥാനത്തുള്ള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 128 രൂപ നിരക്കിൽ മൺചട്ടി ലഭ്യമാകുന്നതിലേക്ക് സപ്ലൈ ഓർഡർ നൽകുന്നതിനും

തീരുമാനിച്ചു. 14.08.2018-ലെ പഞ്ചായത്തു കമ്മറ്റിയുടെ 13(1) തീരുമാനപ്രകാരം ശ്രീ. സുരേഷ്. എസ്. നായർ ഇ.എം.ഡി യിനത്തിൽ ഒടുക്കിയ 3000/- രൂപ തിരികെ നൽകാൻ തീരുമാനിക്കുകയും പ്രസ്തുത തുക ചെക്ക് നം. 21009/30.08.2018 പ്രകാരം തിരികെ നൽകുകയും ചെയ്തു. ആദ്യകരാറുകാരൻ ഗുണനിലവാരമുള്ള ചട്ടികൾ സപ്ലൈ ചെയ്യാതിരുന്നതുമൂലമാണ് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും പിന്നീട് ചട്ടികൾ വാങ്ങേണ്ടി വന്നത്. ഇപ്രകാരം കരാർലംഘനം നടത്തിയ ആൾക്ക് ഇ.എം.ഡി തുക തിരികെ നൽകിയ നടപടി ക്രമവിരുദ്ധമാണ്. ആകയാൽ ഈയിനത്തിലെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക അധിക ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-8 ഭൗമവിവര പഞ്ചായത്ത് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഭരണനിർവ്വഹണ പ്രവൃത്തികളും പദ്ധതി രൂപീകരണവും ആനുകൂല്യവിതരണവും വേഗത്തിലും സുതാര്യതയോടുംകൂടി നിർവ്വഹിക്കുന്നതിന് സഹായകമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വികസനമേഖലകളുടേയും പരിധിയിലുള്ള വിവരങ്ങൾ ശേഖരിച്ച് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം മുഖേന ഡിജിറ്റലൈസ് ചെയ്യുവാനാണ് സെക്രട്ടറി നിർവ്വഹണം നടത്തിയ S0098/19 - ാം നമ്പർ പ്രോജക്ടിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കരകുളം ഗ്രാമപഞ്ചായത്തിലെ ഗ്രാമീണപഠന കേന്ദ്രം വഴിയാണ് പ്രോജക്ടിന്റെ നിർവ്വഹണം നടത്തുന്നത്. പ്രോജക്ട് കോസ്റ്റ് 1033000/- രൂപയാണ്. പ്രോജക്ട് നിർവ്വഹണത്തിനായി 18.09.2018-ൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം ആവശ്യമായ പരിശീലനം മുതൽ സർവ്വേ പ്രവർത്തനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ, സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സാമൂഹികവിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവ് വിളക്കുകളുടെ വിവരം, സ്ട്രീറ്റ് മാപ്പ്, പാലങ്ങൾ, കൾവർട്ട്സ്, ജലസ്രോതസ്സുകൾ, പൊതു ആസ്തികൾ, ഭൂവിനിയോഗം, കെട്ടിടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ ഒരു ജിയോഗ്രഫിക് ഇൻഫർമേഷൻ ഡാറ്റാബേസ് സോഫ്റ്റ്വെയർ വെബ് ആപ്ലിക്കേഷനിൽ ഉപയോഗിക്കാവുന്ന തരത്തിൽ തയ്യാറാക്കി ഗ്രാമ പഞ്ചായത്തിൽ വിന്യസിക്കേണ്ടതിന്റെ ചുമതല ഗ്രാമീണപഠനകേന്ദ്രത്തിനാണ് നിശ്ചയിച്ചിരുന്നത്. ധാരണാപത്രം ഒപ്പിടുന്ന തീയതി മുതൽ നാലുമാസമായിരുന്നു പ്രവൃത്തിയുടെ കാലദൈർഘ്യം. 465000/- രൂപ രണ്ടു ഗഡുക്കളായി പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/11.07.2019) സോഫ്റ്റ്വെയർ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നും കഡസ്ട്രൽ മാപ്പ് സെക്രട്ടറിയുടെ മുറിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. എന്നാൽ സോഫ്റ്റ്വെയറിന്റെ ലോഗിൻ സെക്രട്ടറിക്ക് നൽകിയിട്ടില്ലാത്തതിനാലാണ് ബാക്കി തുക നൽകാത്തതെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

**ചെലവ്**

ഒന്നാം ഗഡു - 125000/- ചെക്ക് നം. 64277/23.10.2018

രണ്ടാം ഗഡു - 340000/- ചെക്ക് നം. 0074223/22.03.2019

# 3-9 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ - സ്ഥാപിച്ചിട്ടില്ല

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുന്നതിനായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 620000/- രൂപയാണ് വകയിരുത്തിയത്. മെഷീൻ സപ്ലൈ ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി 07.01.2019-ൽ കരാറിൽ ഏർപ്പെടുകയും 260000/- രൂപ (ചെക്ക്. നം. 890820/16.03.2019) മുൻകൂറായി കമ്പനിക്ക് നൽകുകയും ചെയ്തു. കരാർ പ്രകാരം 519372/- രൂപയാണ് പ്രോജക്ട് കോസ്റ്റ്. സ്ഥാപനം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സപ്ലൈ ചെയ്തിട്ടുണ്ട്. മെഷീൻ 6-ാം വാർഡിലെ മെറ്റീരിയൽ കളക്ഷൻ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ വൈദ്യുതീകരണപ്രവൃത്തികൾ ചെയ്യുന്നതിന് 57820/- രൂപയുടെ എസ്റ്റിമേറ്റ് 28.06.2019-ൽ സ്ഥാപനം ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കുമെന്ന് പ്രസ്തുത സ്ഥാപനം കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചിരുന്നുവെങ്കിലും ആയതുപ്രകാരമുള്ള നടപടികൾ ഒന്നും പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല, മറിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥാപനത്തെ 07.07.2019-ൽ അറിയിച്ചിട്ടുള്ളത്.

സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥ 5 പ്രകാരം സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനകം സ്ഥാപനം മെഷീൻ ഇൻസ്റ്റാൾ ചെയ്യുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. വ്യവസ്ഥ 9 പ്രകാരം മെഷീൻ സ്ഥാപിക്കലും കമ്മീഷനിംഗും തദ്ദേശസ്വയഭരണ സ്ഥാപനം ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഒരുക്കുകയും പേമെന്റ് നൽകുകയും ചെയ്തശേഷം 3 ആഴ്ചയ്ക്കകം പൂർത്തിയാക്കുന്നതാണെന്നും കാണിച്ചിട്ടുണ്ട്. മെഷീൻ ഇൻസ്റ്റാൾ ചെയ്യാത്തതിനും ബാക്കി തുക സ്ഥാപനത്തിനു നൽകാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/14.07.2019) ശുചിത്വമിഷൻ ഫണ്ട് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികൾ ത്വരിതപ്പെടുത്തി മെഷീൻ ഇൻസ്റ്റാൾ ചെയ്യുന്നതിനും അതുവഴി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വാങ്ങിയ മെഷീൻ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കാത്ത സാഹചര്യത്തിൽ ഇതിലേക്കായുള്ള 260000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ 23.01.2017-ലെ ജി.ഒ(പി) നം. 07/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല എന്നു കാണുന്നു. ഗ്രാമപഞ്ചായത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി 2017-18, 2018-19 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 13216540/- രൂപയിൽ 3809418/- രൂപ സാമ്പത്തിക വർഷാവസാനം വിനിയോഗിക്കപ്പെട്ടിട്ടില്ല (വിശദാംശം ഖണ്ഡിക 4-1-ൽ ചേർത്തിട്ടുണ്ട്). 2017-18-ൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷനായി ഏറ്റെടുത്ത പ്രവൃത്തികളുടെ ജില്ലാപഞ്ചായത്ത് വിഹിതം 2018-19 വർഷത്തിലാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30 -നകം ഒറ്റ ഇൻസ്റ്റാൾമെന്റ് ആയി തുക അനുവദിക്കേണ്ടതാണ്. നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഫെബ്രുവരി അവസാന ആഴ്ച പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തേണ്ടതും ഏതെങ്കിലും കാരണത്താൽ തുക വിനിയോഗിക്കാൻ കഴിയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ തുക മറ്റ് പ്രോജക്ടുകളിൽ വിനിയോഗിക്കുന്നതിനായി വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28-നകം തിരികെ നൽകേണ്ടതുമാണ്. മാർച്ച് 31-ന് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും (uncashed cheque നു തുല്യമായ തുക കഴിച്ച്) സാമ്പത്തിക വർഷം നടപ്പാക്കാനാകാതെ സ്പിൽ ഓവർ ആയി തുടരുന്ന പ്രോജക്ട് സംബന്ധിച്ച വിവരം വിഹിതം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്ന് ഫണ്ട് കണ്ടെത്താവുന്നതുമാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണ സംബന്ധമായി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 മരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പല പ്രോജക്ടുകളും മരാമത്ത് മേഖലയിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടുകൾ തെരഞ്ഞെടുത്ത കാര്യത്തിലും അവ നടപ്പാക്കിയ കാര്യത്തിലും ചില അപാകതകൾ കാണുന്നു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം ഒരു പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയതും അല്ലാതെയും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് പണികളുടെ മുൻഗണനാക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിലൊരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മാത്രമല്ല മരാമത്തുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാടും അതു നേടിയെടുക്കുന്നതിനായി തൻവർഷം ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ചും ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ക്രിയാത്മകമായ ചർച്ചകൾ നടന്നിട്ടില്ല.

2. ശരിയായ കാഴ്ചപ്പാട് ഇല്ലാത്തതിനാൽ ചില റോഡുകളുടെ കാര്യത്തിൽ പൂർണ്ണമായി റോഡ് വർക്കുകൾ ചെയ്യാതെ മദ്ധ്യഭാഗം വിട്ടിട്ട് ഇരു സൈഡുകളിലും വർക്ക് ചെയ്യുന്നതായി കാണുന്നു. ഉദാഹരണമായി കൃഷിഭവൻ- ഗിരിജൻ കോളനി റോഡിന് 272 m നീളമുണ്ട്. ഇതിൽ ചെയ്നേജ് 178.5m മുതൽ 272 m വരെ മുൻപ് ടാർ ചെയ്തിരുന്നു. തൻവർഷം പ്രോജക്റ്റ് നം.S 103/19 പ്രകാരം ചെയ്നേജ് 0 മുതൽ 90 m വരെ ടാർ ചെയ്യുന്ന വേലകളാണ് നടത്തിയത്. തൻമൂലം 90 m മുതൽ 178.5m വരെ ടാർ ചെയ്യാതെ അവശേഷിക്കുന്നു. ഈ ഭാഗം ടാർ ചെയ്യുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

3.കണക്ടിവിറ്റി മാപ്പ് അനുസരിച്ച് കണക്ടിവിറ്റിയില്ലാത്ത ധാരാളം റോഡുകൾ കാണുന്നു. തൻവർഷം മറ്റ് റോഡുകളുമായോ പ്രധാനപ്പെട്ട സ്ഥലങ്ങളുമായോ ബന്ധപ്പെടാത്ത ഇത്തരം റോഡുകൾക്കായി പണം ചെലവഴിച്ചിട്ടുണ്ട്. ഉദാഹരണമായി വാതപ്പള്ളി കാക്കരച്ചിറ റോഡ്, PSHS ശാസ്താംകുളം റോഡ്. ഇത്തരം റോഡുകൾ നിർമ്മിക്കുമ്പോൾ ഇത് ചെയ്യുന്നതിനുള്ള കാരണം വിശദമായി റിപ്പോർട്ട് ചെയ്യേണ്ടതും തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. അതുപോലെ കണക്ടിവിറ്റിയില്ലാത്ത റോഡുകൾ മറ്റ് റോഡുകളുമായോ പ്രധാനപ്പെട്ട സ്ഥലങ്ങളുമായോ ബന്ധപ്പെടുത്തുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

4. റോഡ് രജിസ്റ്ററിൽ 2002/2003 വർഷം വരെയുള്ള റോഡുകളുടെ പട്ടികയാണ് കാണിച്ചിട്ടുള്ളത്. ഇത് കാലികമാക്കേണ്ടതാണ്.

5. 2018/19 വരെ പല ഗ്രാവൽ റോഡുകളും മെറ്റൽ റോഡുകളാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ പല മെറ്റൽ റോഡുകളും ടാർ റോഡുകളാക്കി മാറ്റിയിട്ടുണ്ട് . എന്നാൽ ഇത്തരത്തിലുള്ള മാറ്റം ആസ്തിരജിസ്റ്ററിലും റോഡുകളുടെ പട്ടികയിലും വരുത്തിയിട്ടില്ല.

6. പല വർക്ക് ഫയലുകളിലും വർക്ക് പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല. അതുപോലെ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രോജക്ട് സ്പിൽ ഓവർ ആകുവാനുള്ള കാരണങ്ങൾ ചേർത്തിട്ടില്ല.

7. നിലവിലുള്ള ആസ്തികളുടെ വിപുലീകരണത്തിനായാണ് പല പ്രോജക്ടുകളും നടപ്പാക്കിയിട്ടുള്ളതെങ്കിലും പ്രോജക്റ്റ് പത്രികയിൽ ക്രമ നം.20.2ൽ നിലവിലുള്ള ആസ്തിയുടെ പുനരുദ്ധാരണമോ വിപുലീകരണമോ ആണോ എന്നുള്ളിടത്ത് അല്ല എന്നാണ് ചേർത്തിട്ടുള്ളത്. അതുപോലെ ക്രമ നം. 36ൽ ആസ്തി മെച്ചപ്പെടുത്തുവാനോ വിപുലീകരിക്കുവാനോ ഉള്ള പ്രവൃത്തിയാണെങ്കിൽ ആസ്തി രജിസ്റ്ററിൽ ഉള്ള യുണീക് നമ്പർ ചേർക്കേണ്ടതാണ് എന്നാൽ ഇതു ചേർത്തിട്ടില്ല.

8. എ.ഇ. യുടെ പേരിൽ SBI പൂച്ചാക്കൽ ശാഖയിൽ അക്കൗണ്ട് നം.67055227238 ൽ 25/6/2019 ൽ 22151/- രൂപ മിച്ചം നിൽക്കുന്നുണ്ട് മിച്ചം വന്നിട്ടുള്ളത് 2016/17വർഷത്തെ പുനരധിവാസ കോളനി കാന നിർമ്മാണം എന്ന വർക്കിന്റെ KCWWF ഡി.ഡി. ക്യാൻസൽ ചെയ്ത 4670/- രൂപയും 2018/19 വർഷത്തെ മെറ്റീരിയൽ കളക്ഷൻ സെന്റർ എന്ന പ്രവർത്തിയുടെ KCWWF 9700/- രൂപയും ബാങ്ക് പലിശയുമാണെന്നാണ് എ.ഇ. അറിയിച്ചിട്ടുള്ളത്. KCWWF തുകകൾ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

9. പള്ളിചന്തയിൽ ടോയ്ലെറ്റ് കോംപ്ലക്സ് നിർമ്മാണം:- ഇതിനായി പദ്ധതി വിഹിതം 327713/-രൂപയും കേന്ദ്രാവിഷ്കൃതഫണ്ട് 180000/-രൂപയും ഉൾപ്പെടെ ആകെ 507713/-രൂപ ചെലവഴിച്ച് ടോയ്ലെറ്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടോയ്ലെറ്റ് കോംപ്ലക്സ് നിർമ്മിച്ച സ്ഥലം പഞ്ചായത്തിന്റെ പേരിൽ മുതൽക്കൂട്ടിയിട്ടില്ല. മാത്രമല്ല ഇതിന്റെ മേൽനോട്ടച്ചുമതല പഞ്ചായത്ത് ആർക്കും ലേലത്തിൽ നൽകിയിട്ടില്ല. അഞ്ച് ലക്ഷത്തിലധികം രൂപ മുടക്കി ടോയ്ലെറ്റ് കോംപ്ലക്സ് നിർമ്മാണം നടത്തിയതിനാൽ ഇതിൽനിന്നും വരുമാനം ലഭിക്കുന്ന തരത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ സ്ഥലം സെക്രട്ടറിയുടെ പേരിലാക്കുന്നതിന് 16-8-2018-ൽ ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തിന്റെ പേരിൽ ആക്കിയിട്ടില്ല. ഇതിലേക്കാവശ്യമായ തുടർനടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 എസ്.എസ്.എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി പ്രകാരം പൊതുവിഭാഗത്തിൽ (പ്രോജക്ട് നം. 24) ഉൾപ്പെടുത്തി

800000/- രൂപയും (ബിൽ നം. 01/09.07.2018) പട്ടികജാതി വിഭാഗത്തിൽ (പ്രോജക്ട് നം. 25) ഉൾപ്പെടുത്തി 154686/- രൂപയും (ബിൽ നം.02/01/ 09/2018) ട്രഷറിയിൽ നിന്ന പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിപ്പണം വിനിയോഗിച്ചതു സംബന്ധിച്ച് സ്കൂൾ തിരിച്ചുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.17/16.07.2019) മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയിങ്കീഴിൽ പ്രോജക്ട് ഓഫീസർക്ക് കൈമാറിയ 954686/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-13 വീട് വാസയോഗ്യമാക്കൽ പദ്ധതി -പുതിയതായി നിർമ്മിച്ച വീടിന് ആനുകൂല്യം നൽകി

പ്രോജക്ടിന്റെ പേര് : വീട് വാസയോഗ്യമാക്കൽ (എസ്.സി)

പ്രോജക്ട് നമ്പർ : 13/ 2019

ചെലവ് : 1620000/- രൂപ

മേൽ പ്രോജക്ട് പ്രകാരം 2018-19 വർഷത്തിൽ 27 ഗുണഭോക്താക്കൾക്ക് 60000/- രൂപ നിരക്കിൽ 1620000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 8 വർഷത്തിലധികം പഴക്കമുള്ള വീടുകൾക്കു മാത്രമേ പ്രസ്തുത ആനുകൂല്യം നൽകാൻ കഴിയുകയുള്ളു. എന്നാൽ ശ്രീ.കമലാസനൻ, മഞ്ജുമഹേഷ് ഭവനം (പല്ലുവേലി ഹരിജൻ കോളനി), പള്ളിപ്പുറം എന്ന ഗുണഭോക്താവിന് ടി ആനുകൂല്യം നൽകിയത് മാർഗ്ഗരേഖയിലെ പ്രസ്തുത വ്യവസ്ഥ പരിഗണിക്കാതെയാണ്. അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ടിയാന്റെ ഉടമസ്ഥതയിലുള്ള 16/582 A നമ്പരായുള്ള വീട് പുതുതായി അസസ്സ് ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം പുതിയതായി അസസ്സ് ചെയ്ത വീടിന് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതുസംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ. 24/17.07.2019),പ്രസ്തുത വീടിന് 14 വർഷത്തെ പഴക്കമുള്ളതാണെന്ന പറഞ്ഞിരിക്കുന്നു. ഇത് അസസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. ഇക്കാര്യത്തിൽ ഇത്രയും കാലയളവിലെ വസ്തുനികുതി ഈടാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 3-14 അങ്കണവാടികളുടെ ഭൗതികസാഹചര്യം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതിൽ 24 എണ്ണം സ്വന്തം കെട്ടിടത്തിലും 6 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 5 എണ്ണത്തിന് സ്വന്തമായി സ്ഥലം ഉണ്ട്. 15 എണ്ണത്തിന് ജപ്പാൻ കുടിവെള്ള കണക്ഷൻ ഉണ്ട്. എല്ലാ അങ്കണവാടികൾക്കും ടോയ്ലെറ്റ് സൗകര്യം, ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം, വാട്ടർ ഫിൽട്ടർ എന്നിവ ഉണ്ട്. 5 എണ്ണത്തിന് ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് ഉണ്ട്. 13 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

22.03.2011-ലെ സർക്കുലർ നമ്പർ.31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. അതിനാൽ അംഗൻവാടികളുടെ വാർഷികപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും മതിയായ സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതുമാണ്.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 157250 | നെൽകൃഷിക്ക് കൂലിച്ചെലവ് | 37845 | 119405 |
| | 2018-19 | 87500 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് | 35000 | 52500 |
| | 2017-18 | 200000 | സാന്ത്വന പരിചരണ പദ്ധതി | 156065 | 43935 |
| | 2018-19 | 300000 | സാന്ത്വന പരിചരണ പദ്ധതി | 300000 | 0 |
| | 2018-19 | 400000 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 400000 | 0 |
| | 2018-19 | 85000 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 74000 | 11000 |
| | 2018-19 | 517395 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 517395 | 0 |
| | 2018-19 | 115000 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 115000 | 0 |
| | 2018-19 | 30$_{2}$0000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2018-19 | 1300000 | പാലിന് സബ്സിഡി | 1300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 37845 | 62155 |
| | 2018-19 | 541250 | കല്പഗ്രാമം | 219668 | 321582 |
| | 2018-19 | 1400000 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 1400000 | 0 |
| | 2018-19 | 1650000 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 609000 | 1041000 |
| | 2018-19 | 1579110 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 1557030 | 22080 |
| | 2018-19 | 1433194 | സമ്പൂർണ്ണ ഭവനനിർമ്മാണം ലൈഫ് പദ്ധതി | 633194 | 800000 |
| | 2018-19 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | 2018-19 | 1500000 | വിദ്യാർത്ഥികൾക്ക് പഠനമുറി | 750000 | 750000 |
| | 2018-19 | 420841 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 415080 | 5761 |
| | 2018-19 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | 2018-19 | 580000 | അംഗൻവാടി നിർമ്മാണം | 0 | 580000 |
| ആകെ | | 13216540 | | 9407122 | 3809418 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ | 792702 | 0 | 792702 |
| ANERT | ഘടകസ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ | 1056000 | 0 | 1056000 |

## 4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഇല്ല

## 4-4 <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | G.O(MS)No.2278/LSGD dtd 18.08.2018 | 58615865 | 0 | 0 | 0 | 58615865 | - |

## 4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

## 4-6 <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 15597/- രൂപ വരവുണ്ട്. ഇതിൽ 1007/- രൂപ മുൻവർഷ ഓഡിറ്റ് സമയത്ത് നൽകിയ ഓഡിറ്റ് എൻക്വയറികൾ അടിസ്ഥാനമാക്കി അടവ് വരുത്തിയതും 14590/- രൂപ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശത്തെ തുടർന്ന് അടവ് വരുത്തിയതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശം മുൻനിർത്തി അടവ് വരുത്തിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-14 | 3-2 | 14090 | ശ്രീ.കെ.ബി.ജിനേഷ് | 118030100486/14.05.2018 |
| 2017-18 | 2-5 | 500 | ശ്രീമതി.ധന്യ ബോബൻ | 118030104526/25.03.2019 |
| ആകെ | | 14590 | | |

## <u>4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

ഇല്ല

## <u>4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും | സർചാർജ്ജ് തുക | സ്വയം അടവാക്കിയ തുക, രസീത് നം./തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 2013-14 | ശ്രീ.ജിനേഷ്.കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ | 28181 | 14090<br>118030100486/14.05.2018 | 14091 |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്4-9. **ഓഡിറ്റ് പ്രത്യവലോകനം** | : | 162581777 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 144281947 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3822500 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-7 | | 3000 | ഗീതാകുമാരി.പി, സെക്രട്ടറി |
| ആകെ | | 3000 | |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 199815 | ഗീതാകുമാരി.പി, സെക്രട്ടറി |
| 3-2 | 792702 | ഗീതാകുമാരി.പി, സെക്രട്ടറി |
| 3-3 | 1056000 | ഗീതാകുമാരി.പി, സെക്രട്ടറി |
| 3-4 | 319389 | ഡോ. ലക്ഷ്മിമോഹൻ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |

| | | |
|---|---|---|
| 3-6(എ) | 239908 | ശോഭന, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-9 | 260000 | ഗീതാകുമാരി.പി, സെക്രട്ടറി |
| 3-12 | 954686 | മിനി.എൻ.സി, എച്ച്.എം. |
| ആകെ | 3822500 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 3-1

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗീതാകുമാരി.പി, സെക്രട്ടറി | സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | വൈശാഖം, എസ്.എൻ.പുരം പി.ഒ, ചേർത്തല |
| ഡോ. ലക്ഷ്മിമോഹൻ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം,ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | ഗോവിന്ദം, സി.എം.സി - 33, ചേർത്തല |
| മിനി.എൻ.സി, എച്ച്.എം. | സർവ്വീസിൽ നിന്നും വിരമിച്ചു | മിനിമന്ദിരം, ചെമ്മനാട്ടുകര പി ഒ, വൈക്കം |
| ശോഭന, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | തൈച്ചിറയിൽ, പള്ളിപ്പുറം.പി.ഒ, ചേർത്തല |

## 4-10.<u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2005-06 വരെ | എൽ .എഫ്.ജി.എ 5 -1832/11 തീയതി 20.01.2012 |
| 2006-07 | എൽ .എഫ്..എ16-943/10 തീയതി 18-03-11/31.03.2011 |
| 2007-08 | എൽ .എഫ്..എ16-944/10 തീയതി 18-03-11/31.03.2011 |
| 2008-09 | എൽ .എഫ്.എ.പി-9- 1340/11 തീയതി 18-4-11/03.07.2012 |
| 2009-10 | എൽ .എഫ്.എ.പി-9- 1341/11 തീയതി 18-4-11/03.07.2012 |
| 2010-11 &11-12 | എൽ .എഫ്.എ.പി-9- 20/13 തീയതി 18-02-13/26.06.2013 |

| | |
|---|---|
| 2012-13 | എൽ .എഫ്.എ.പി-9- 140/13 തീയതി 01.09.2014 |
| 2013-14 | കെ.എസ്.എ – എ.എൽ.പി പി.9-1570/15 തീയതി 11.12.15/30.12.2015 |
| 2014-15 | കെ.എസ്.എ – എ.എൽ.പി പി.9- 817/2016 തീയതി 27.07.2016 |
| 2015-16 | കെ.എസ്.എ. എ.എൽ.പി പി.9- 306/2016തീയതി 08.12.2016 |
| 2016-17 | കെ.എസ്.എ. എ.എൽ.പി പി.9- 1016/2017 തീയതി 28.07.2017 |
| 2017-18 | കെ.എസ്.എ. എ.എൽ.പി പി.9- 62/2019 തീയതി 10.01.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി./പി.9-549/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി:01.07.2019
ഫോൺ: 0477 2252753
e-mail: ddhglfalpy@gmail.com

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ